**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 959** **24-02-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാടൻ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ ബലക്ഷയമുള്ള ഭാഗങ്ങൾ ബലപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | അമ്പലപ്പുഴ മണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന ദേവസ്വംകരി പാടശേഖരത്തിന്റെ കിഴക്കുബണ്ട് പൈലും സ്ലാബും ഉപയോഗിച്ച് 130 മീ. സംരക്ഷിക്കുവാനും, 1200 മീ. Masonry സംരക്ഷണഭിത്തിയും 1000 മീ. പുറംബണ്ട് കളിമണ്ണ് ഉപയോഗിച്ച് ബലപ്പെടുത്തുവാനുള്ള പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട് . |
| (ബി) | കൊയ്ത്താൻ പാകമായ നെല്ലുപോലും മട വീണ് നശിക്കുന്നതിന് പരിഹാരമായി കുട്ടനാടൻ മേഖലയിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കുട്ടനാട് മേഖലയിലെ മടവീഴ്ച തടയുന്നതിന് പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി ആലപ്പുഴ നിയോജകമണ്ഡലത്തിൽ, പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 6 പ്രവൃത്തികളിലായി 1520 ലക്ഷം രൂപയുടെ പ്രവൃത്തികളും 4 പ്രവൃത്തികളിലായി 1365ലക്ഷം രൂപയുടെ പ്രവൃത്തികളും പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ